# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 303 — 08.06.2015-ൽ മറുപടിയ്ക്ക്

### പരിസ്ഥിതിദിനത്തിലെ വൃക്ഷത്തൈ നടീൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | |
| എ) | ലോക പരിസ്ഥിതി ദിനമായ 2015 ജൂൺ 5 ന് സംസ്ഥാനത്ത് എത്ര വൃക്ഷത്തൈകളാണ് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നട്ടത് ; | എ) | ലോക പരിസ്ഥിതി ദിനമായ 2015 ജൂൺ 5 ന് വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും 75,000 തൈകൾ വച്ച് ആകെ 10,50,000 തൈകൾ വിവിധ പൊതുസ്ഥലങ്ങളിൽ നടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുകൂടാതെ, ഹരിതകേരളം ഏഴാം ഘട്ടം പ്രകാരം വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒ. എൻ.എസ്.എസ് പഞ്ചായത്ത്, കുടുംബശ്രീ തുടങ്ങിയവ മുഖാന്തിരം 6,45,000 വൃക്ഷത്തൈകളാണ് വിതരണം ചെയ്യാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ഉദ്ദേശിക്കുന്നത്. |
| ബി) | പ്രസ്തുത ഉദ്യമത്തിൽ ഏതൊക്കെ സംഘടനകളാണ് വനം വകുപ്പുമായി സഹകരിച്ചത്; വ്യക്തമാക്കാമോ? | ബി) | വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, എൻ സി.സി, എൻ.എസ്.എസ്, എസ്.പി.സി, കുടുംബശ്രീ, ആർമി, നേവി, സ്കൗട്ട്സ് & ഗൈഡ്സ്, ഐ.ഒ.സി, ബി.പി.എൽ, പെട്രോളിയം കമ്പനികൾ, കേരള റോഡ് ഫണ്ട് ബോർഡ്, കോർപ്പറേറ്റ്സ്, പ്രിന്റ് മീഡിയ തുടങ്ങിയ സംഘടനകളാണ് ഈ ഉദ്യമത്തിൽ വനം വകുപ്പുമായി സഹകരിച്ചത്. |

സെക്ഷൻ ഓഫീസർ